# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 09 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–1


ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


### ***പൊല്യൂഷൻകൺട്രോൾ ബോർഡ് സന്നിധാനത്ത് പരിശോധനാലാബ് ആരംഭിക്കും***

ശബരില: പൊല്യൂഷൻകൺട്രോൾ ബോർഡിന് സന്നിധാനത്തും പരിശോധന ലാബ് ഒരുങ്ങുന്നു. രണ്ടാഴ്ചയ്ക്കകം ലാബ് പ്രവർത്തനം തുടങ്ങുമെന്ന് പൊല്യൂഷൻകൺട്രോൾ ബോർഡ് എക്സിക്യൂട്ടീവ് എൻജിനീയർ അലക്സാണ്ടർ ജോർജ് പറഞ്ഞു. പാണ്ടിത്താവളത്തിനടുത്ത് പൊല്യൂഷൻകൺട്രോൾ ഓഫീസിനോട് ചേർന്ന കെട്ടിടത്തിലാണ് ലാബിന് സ്ഥലം അനുവദിച്ചിട്ടുള്ളത്. ലാബിലേയ്ക്കുള്ള ഉപകരണങ്ങൾക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ആവശ്യമായ രാസവസ്തുക്കൾ പമ്പയിലെത്തിച്ചിട്ടുണ്ട്. ലാബ് പ്രവർത്തനക്ഷമമാവുന്നതോടെ സന്നിധാനത്തുനിന്നും ശേഖരിക്കുന്ന കുടിവെള്ള സാമ്പിളുകളുടേയും സീവേജ് മാലിന്യപ്ലാന്റ്(എസ്.ടി.പി) സാമ്പിളുകളുടേയും വാട്ടർ കിയോസ്ക്ക് സാമ്പിളുകളുടേയും പരിശോധന സന്നിധാനത്തുതന്നെ നടത്താൻ കഴിയും. ഇപ്പോൾ നിത്യവും രാവിലെ ശേഖരിക്കുന്ന സാമ്പിളുകൾ പമ്പയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്.

പമ്പയിൽ രണ്ട് ലാബുകളാണ് പൊല്യൂഷൻകൺട്രോൾ ബോർഡിനുള്ളത്. നിത്യവും സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നി

വിടങ്ങളിൽ നിന്നുള്ള കുടിവെള്ള സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകും. ആഴ്ചയിലൊരിക്കൽ സന്നിധാനം എസ്.ടി.വിയുടെ(സീവേജ് ട്രീറ്റ്മെന്റ്പ്ലാന്റ്) ഇൻലെറ്റ്, ഔട്ട്ലെറ്റ് സാമ്പിളുകൾ, കുന്നാർഡാമിലെ വെള്ളം, കൊച്ചുപമ്പ, കക്കിയാർ, ആറാട്ടുകടവ്, ഞുണുങ്ങാർ, ത്രിവേണി, പമ്പാ ഡൗൺസ്ട്രീം എന്നിവിടങ്ങളിൽ നിന്നായി പമ്പയിലെ വെള്ളം സാമ്പിളുകൾ പരിശോധിച്ച റിപ്പോർട്ട് തയ്യാറാക്കി നൽകും. നിലവിൽ സ്ഥിതിഗതികൾ നിയന്ത്രണപരിധിക്കുള്ളിലാണെന്നും എക്സിക്യൂട്ടീവ് എൻജിനീയർ പറഞ്ഞു. പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങിലെ ഇൻസിനറേറ്ററിന്റെ പ്രവർത്തനവും പൊലൂഷൻകൺട്രോൾ ബോർഡ് വിലയിരുത്തുന്നുണ്ട്. ഇവ സംബന്ധിച്ച റിപ്പോർട്ടുകൾ കോടതിക്ക് സമർപ്പിക്കുകയാണ് പതിവ്.

പമ്പയിൽ വായുവിന്റെ ഗുണനിലവാരവും പൊടിയുടെ അളവും നിർണയിക്കുന്ന ഹൈവോളിയം സാംപളറിന്റെ പ്രവർത്തന പരിശോധന ചുമതലയും പൊലൂഷൻകൺട്രോൾ ബോർഡിനാണ്. അടുത്ത വർഷം മുതൽ സന്നിധാനത്തും വായുവിലെ പൊടിയുടെ അളവ് തിട്ടപ്പെടുത്തി ഗുണനിലവാരം നിർണയിക്കാൻ ഹൈവോളിയം സാംപ്ലയർ സ്ഥാപിക്കുമെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ പറഞ്ഞു.

***(പി.ആർ. ശബരി-268)***

## ***<u>നവഗ്രഹക്ഷേത്രത്തിൽ പ്രത്യേക നവഗ്രഹ അർച്ചനകൾ</u>***

ശബരിമല: മാളികപ്പുറം ദേവീക്ഷേത്രത്തിന് സമീപമുള്ള നവഗ്രഹക്ഷേത്രത്തിൽ അർച്ചനകളും വഴിപാടുകളും നടത്തുവാൻ തിരക്കേറുന്നു. നവഗ്രഹ പൂജയാണ് ഇവിടുത്തെ ശ്രേഷ്ഠമായ വഴിപാട്. സംസ്ഥാനത്തേയും തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണാടക തുടങ്ങിയ ഇതരസംസ്ഥാനത്ത് നിന്നുള്ള അയ്യപ്പന്മാരും മാളികപ്പുറങ്ങളും നവഗ്രഹ അർച്ചനകൂപ്പണുകൾ എടുക്കുന്നുണ്ട്. 250രൂപയാണ് നവഗ്രഹപൂജയ്ക്ക്. ഇതുകൂടാതെ ശനി, ചന്ദ്രൻ, വ്യാഴം, രാഹു, കേതു, ചൊവ്വ എന്നീ ഗ്രഹങ്ങൾക്കും പ്രത്യേകപൂജ നടത്താറുണ്ട്. 50രൂപയാണ് കൂപ്പണിന്. കണ്ഠകശനി, ഏഴരശനി തുടങ്ങി ശനിയുടെ അപഹാരമുള്ളവർക്ക് ശനിയെ പ്രീതിപ്പെടുത്തുവാനും അർച്ചനകൾ നടത്താറുണ്ട്.

***(പി.ആർ. ശബരി-269)***

## ***കൗണ്ടറുകളിൽ തിരക്കേറുന്നു***

ശബരിമല: കൗണ്ടറുകളിൽ ആടിയശിഷ്ടം നെയ്യ്ക്കും പഞ്ചാമൃതത്തിനുമായി തിരക്കേറുന്നു. ആന്ധ്രപ്രദേശ്, തമിഴ്നാട്, കർണാടക തുടങ്ങിയ ഇതരസംസ്ഥാനങ്ങിൽ നിന്നുമെത്തുന്ന അയ്യപ്പഭക്തന്മാർക്ക് പഞ്ചാമൃതത്തോടാണ് ഏറെപ്രിയം. ആടിയശിഷ്ടം നെയ്യ്, പഞ്ചാമൃതം, വിഭൂതിപ്രസാദം, മഞ്ഞൾ കുങ്കുമം, അയ്യപ്പചക്രം, ചരട്ജപം, അർച്ചനപ്രസാദം തുടങ്ങിയവ കൗണ്ടറുകളിൽ സുലഭമായി ലഭിക്കും.

***(പി.ആർ. ശബരി-270)***

## ***വിരിവെയ്ക്കാൻ സന്നിധാനത്ത് സൗകര്യങ്ങളേറെ***

ശബരിമല: നിയന്ത്രണങ്ങളുടെ ഭാഗമായി വലിയനടപ്പന്തലിൽ അയ്യപ്പന്മാർക്ക് വിരിവെയ്ക്കാൻ സൗകര്യമില്ലെങ്കിലും സന്നിധാനത്തെ മറ്റിടങ്ങളിൽ വിശാലമായ സൗകര്യങ്ങളാണ് വിരിവെയ്ക്കുന്നതിന് സന്നിധാനത്ത് ദേവസ്വം ബോർഡ് ഒരുക്കിയിട്ടുള്ളത്. മാളികപ്പുറത്തിനടുത്ത് പഴയ അന്നദാനമണ്ഡപം, പാണ്ടിത്താവളം, മാങ്കുണ്ട അയ്യപ്പനിലയം, ഉരക്കുഴി പാണ്ടിത്താവളത്തിടത്തുള്ള മൂന്നിടങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി വിരിവെയ്ക്കാൻ സൗകര്യമുണ്ട്. സൗകര്യങ്ങൾ ഏറെയുണ്ടെങ്കിലും സന്നിധാനത്തോട് ചേർന്ന് വിരിവെയ്ക്കണമെന്ന ആഗ്രഹത്താൽ മാങ്കുണ്ട അയ്യപ്പനിലയത്തിൽ വിരിവെയ്ക്കാനെത്തുന്നവരുടെ എണ്ണം പലപ്പോഴും കുറവാണെന്നതാണ് വാസ്തവം.

സൗജന്യ വിരിവെയ്ക്കൽ കേന്ദ്രങ്ങൾക്കുപുറമെ അന്നദാനമണ്ഡപത്തിന് മുകളിൽ മൂവായിരം തീർത്ഥാടകരെ ഉൾക്കൊള്ളാൻ കഴിയുന്ന വിശാലമായ വിരിവെയ്ക്കൽകേന്ദ്രവും ദേവസ്വംബോർഡിന്റേതായുണ്ട്. ഇവിടെ പണം നൽകണമെന്ന് മാത്രം. ഒരാൾക്ക് 30രൂപയാണ് നിരക്ക്. ഇതിനുപുറമെ 100പേരെയും 50പേരെയും വീതം ഉൾക്കൊള്ളാവുന്ന നാല് ഹാളുകൾ ഉൾപ്പടെ 560 മുറികളാണ് തീർത്ഥാടകർക്കായി ദേവസ്വംബോർഡ് ഒരുക്കിയിട്ടുള്ളത്. മരാമത്ത് ഓഫീസ് കോംപ്ലക്സ്, പി.സി. 2, പി.സി 3 കെട്ടിടങ്ങൾ, എം.എൻ. നമ്പ്യാർ ട്രസ്റ്റ് ഹാൾ, ടെലകോം ഓഫീസിനടുത്തുള്ള ഹരിഹരപുത്ര കെട്ടിടം, പൂർണ്ണ, പുഷ്ക്കലഹാൾ തുടങ്ങി ഡോണർഹൗസുകളും ഹാളുകളും തീർത്ഥാടകർക്ക് പണംനൽകി ഉപയോഗിക്കാം.

ഹാളുകൾക്ക് മിനിമം 6500രൂപയാണ് വാടക. 40പേർക്ക് വിരിവെയ്ക്കാം. കൂടുതലുള്ളവർക്ക് തലയൊന്നിന് 150രൂപ നൽകണം. മൂന്നുവീതം കുളിമുറികളും കക്കൂസുകളും ഹാളുകളോട് ചേർന്നുണ്ട്. 12 മണിക്കൂറിന് 400രൂപ മുതൽ 1200രൂപവരെയും 16 മണിക്കൂറിന് 600രൂപ മുതൽ 2200രൂപവരെയുമാണ് മുറികൾക്കീടാക്കുക. ഇതിനുപുറമെ ഓൺലൈൻ ബുക്കിങ്ങിനായി 104 മുറികൾ മാറ്റിവെച്ചിട്ടുണ്ട്. ഇതിൽ ജനുവരി 14വരെയുള്ള ബുക്കിങ് പൂർത്തിയായതായി അക്കൊമഡേഷൻ സ്പെഷ്യൽ ഓഫീസർ ശ്രീകുമാർ അറിയിച്ചു. വലിയനടപ്പന്തൽ ഒഴികെ വിരിവെയ്ക്കാനുള്ള സൗകര്യങ്ങൾ തീർത്ഥാടകർ ഉപയോഗപ്പെടുത്തണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

*(പി.ആർ. ശബരി-271)*

## <u>*ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(10-12-18)*</u>

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

*(പി.ആർ. ശബരി-272)*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.